## മാതാപിതാക്കൾ മക്കളെ ശ്രദ്ധിക്കണമെന്ന് നിർദേശം

# പോണോഗ്രാഫി യുവജനങ്ങളെ നശിപ്പിക്കുന്നതായി പഠനറിപ്പോർട്ട്

ജിബി വർഗീസ് മീനടം



ഡബ്ലിൻ : ലോകത്തിലെ കൗമാരക്കാരിൽ ഭൂരിപക്ഷവും ഇന്റർനെറ്റിലെ അശ്ലീലത നിറഞ്ഞ പോണോഗ്രാഫി സൈറ്റുകൾക്ക് അടിമകളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അമേരിക്കയിൽ ഓരോ പത്ത് കൗമാരക്കാരിലും ഒൻപതു പേരെങ്കിലും ഇന്റർനെറ്റിൽ ഓണലൈനായി ദിവസം ഒരുപ്രാവശ്യമെങ്കിലും പോണോഗ്രാഫിക്കൽ സൈറ്റുകളിൽ നിത്യസന്ദർശകരാണെന്ന ഞെട്ടിപ്പിക്കുന്ന വിവരമാണ് കൈസർ ഫാമിലി ഫൗൺടേഷൻ നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതിൽ എഴുപതു ശതമാനം പേരും അശ്ലീലചിത്രങ്ങൾ കാണാനും അശ്ലീലതനിറഞ്ഞ ചാറ്റിംഗ് നടത്തണമെന്നുമുള്ള വ്യക്തമായ ഉദ്ദേശത്തോടെ ഇന്റർനെറ്റിലെത്തുമ്പോൾ മുപ്പത് ശതമാനം മനപൂർവമല്ലാതെ ബ്രൗസിംഗിനിടയിൽ ഇങ്ങനെയുള്ള സൈറ്റുകളിൽ എത്തിപ്പെടുന്നതാണെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

കൗമാരപ്രായം ലോകത്തിലുള്ള പലതിനെയും സംബന്ധിച്ച് അറിയാനുള്ള അകാംക്ഷ നിറഞ്ഞതും വളർച്ചയുടെയും സ്വാഭാവരൂപീകരണത്തിന്റെയും പ്രധാനഘട്ടം നിറഞ്ഞ പ്രായവും ആയതിനാൽ കൂട്ടുകാരുടെ നിർദേശപ്രകാരമോ മാധ്യമങ്ങളിലൂടെയോ അറിഞ്ഞ് ഒരിക്കൽ ഇത്തരത്തിലുള്ള സൈറ്റുകളിൽ സന്ദർശനം നടത്തിയ കൗമാരക്കാരിൽ പലരും പിന്നീട് ഇതിന്റെ അടിമകളായി മാറുകയാണ്.

മറ്റ് എന്തെങ്കിലും സൈറ്റുകൾ ബ്രൗസ് ചെയ്യുന്നതിനടയിൽ അറിയാതെ ഒരക്ഷരം തെറ്റി ടൈപ്പുചെയ്യപ്പെടുമ്പോൾ കൊണ്ടുചെന്നെത്തിക്കുന്നത് ദൈവം മനുഷ്യന് കല്പിച്ചു നല്കിയ സംസ്കാരത്തിന്റെയും സദാചാരത്തിന്റെയും അതിർവരമ്പുകൾ മുഴുവൻ ലംഘിച്ചുകൊണ്ട് ആണിന്റെയും പെണ്ണിന്റെയും ശരീരത്തെ കേവലം അശ്ലീലപ്രദർശനം നടത്താനുള്ള മാംസവസ്തുവായി മാത്രം ചിത്രീകരിക്കുന്ന സൈറ്റുകളിലായിരിക്കും.

ജീവിതചക്രത്തിന്റെ ഇളംപ്രായത്തിൽ തന്നെ അക്രമവാസനയുടെയും ലൈംഗീകഅരാചകത്വത്തിന്റെയും വിത്തുകളാണ് ഈ കൂരുന്നുമനസുകളിൽ ഇതുമൂലം വിതയ്ക്കപ്പെടുന്നത്. മനുഷ്യന് മാത്രമായി ദൈവം നിയമിച്ചുണ്ടാക്കിയതും ആണും പെണ്ണും ചേർന്നുള്ള ശ്രേഷ്ഠ ഉടമ്പടിയായ വിവാഹത്തിലൂടെയുള്ള കുടുംബബന്ധങ്ങളുടെ തകർച്ചയാണിതെല്ലാം ലക്ഷ്യവയ്ക്കുന്നത്.

കൗമാരക്കാർ ഇന്റർനെറ്റിലെ അശ്ലീലസൈറ്റുകൾക്ക് അടിമായുകന്നത് അപകടമായ പലപ്രവണതകൾക്കും വഴിവയ്ക്കുന്നതായി അന്താരാഷ്ട്ര ഹെറിറ്റേജ് ഫൗൺടേഷൻ നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. അശ്ലീല സൈറ്റുകളിലെ ചിത്രീകരണങ്ങൾക്ക് സമാനമായി പ്രവത്തിക്കാനുള്ള താത്പര്യം ഇതിലൂടെ പലരുടെയും മനസിൽ കടന്നുകൂടുന്നു. കണ്ടത് പരീക്ഷിക്കാനുള്ള തക്കം പാർത്തിരിക്കുന്ന ഇവരിൽ പലരെയും കുറ്റകൃത്യങ്ങളുടെ കൊടുംതാഴ്വരയിലാണ് പിന്നീട് സമൂഹത്തിന് കാണാനാവുന്നത്.

ഇതിലൊക്കെ ഉപരിയായി സ്ത്രീവർഗത്തെ മൊത്തമായി തങ്ങളുടെ ലൈംഗീകതാത്പര്യത്തിന് ഉപയോഗിക്കപ്പെടുന്ന വെറും വസ്തുവായി കാണുന്ന പുരുക്ഷതലമുറയെ അശ്ലീലസൈറ്റുകളുടെ അടിമകളായവരിലൂടെ സൃഷ്ടിക്കപ്പെടുന്നു.

മുളയിലെ നുള്ളേണ്ട ഇത്തരത്തിലുള്ള പ്രവർണതയ്ക്കെതിരായ പ്രധാന പോംവഴി തങ്ങളുടെ കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗത്തിൽ മാതാപിതാക്കൾ പ്രത്യേക നിരീക്ഷണം നടത്തണമെന്നുള്ളതാണ്. കൂടാതെ അറിയാതെപോലും ഇത്തരത്തിലുള്ള സൈറ്റുകൾ തങ്ങളുടെ കമ്പ്യൂട്ടർ സ്ക്രീനിൽ തെളിയാതിരിക്കാനായുള്ള പ്രത്യേക സോഫ്ട്‌വെയറായ ഇന്റർനെറ്റ് ഫിൽട്ടറുകളും ഉപയോഗിക്കാവുന്നതാണ് .

ഫിൽട്ടറുകൾ ഇന്റർനെറ്റിൽ നിന്നു തന്നെ സൗജന്യമായോ വിലനല്കിയോ ഡൗൺലോഡ് ചെയ്യാം. ബി സെഫ് . കോം എന്നത് വളരെ ഉപയോഗപ്രദമായ ഒരു ഫിൽട്ടർ സോഫ്ട്‌വെയറാണ്. അൻപതു ഡോളറാണ് ഒരു വർഷത്തേക്ക് ഈ സേവനം ഉപയോഗിക്കുന്നതിനുള്ള ചെലവ്.

പാസ്‌വേർഡിനാൽ സുരക്ഷിതമായ ബിസേഫ് പോണോഗ്രാഫിക്കൽ സൈറ്റുകളെയും ചില നല്ല സൈറ്റുകൾക്കൊപ്പം വരുന്ന പോൺ പരസ്യങ്ങളെയും മുഴുവൻ തടയുമെന്ന് മാത്രമല്ല നിങ്ങളുടെ വീട്ടിലുള്ള വ്യക്തികൾ ഇന്റർനെറ്റിൽ സന്ദർശിച്ചതും സന്ദർശിക്കാൻ ശ്രമം നടത്തിയതുമായ മുഴുവൻ സൈറ്റുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ നിങ്ങളുടെ സ്വകാര്യ ഇമെയിലിൽ എത്തിക്കുകയും ചെയ്യും. ഇമെയിൽ പരിശോധിച്ചതിൽ നിന്ന് സംശയകരമായ എന്തെങ്കിലും സൈറ്റ് കണ്ടെത്തിയാൽ രക്ഷകർത്താക്കൾക്ക് പ്രത്യേകം കുട്ടികളെ ശ്രദ്ധിക്കാനാവും.

ലോകത്തിൽ മനുഷ്യനിർമിതമായുള്ളവയ്ക്കെല്ലാം പഴുതുകൾ ഉള്ളതുപോലെ ഇന്റർനെറ്റ് ഫിൽട്ടറുകൾക്കും പഴുതുകൾ കണ്ടേക്കാം. ആയതിനാൽ ദിവസത്തിൽ ഒരിക്കലെങ്കിലും കൗമാരക്കാരുടെ ഇന്റർനെറ്റ് ഉപയോഗത്തിൽ രക്ഷകർത്താക്കൾ പ്രത്യേകം ഒരു കണ്ണ് വയ്ക്കേണം.

ഇന്റർനെറ്റ് മനുഷ്യന് ഉപയോഗമുള്ള പലകാര്യങ്ങളും സംഭാവന ചെയ്തിട്ടുണ്ട് എന്നാൽ അതിലുപരിയായി ദൂഷ്യതനിറഞ്ഞതുമാണ് വെബ്ലോകം. ഭീകരാക്രമണങ്ങൾ മുതൽ ലോകത്ത് ഇന്ന് നടക്കുന്ന പല സാമൂഹികവിരുദ്ധ,വിധ്വംസക, അധോലോക പ്രവർത്തങ്ങളുടെയും പ്രതിപട്ടികയിൽ ഇന്റർനെറ്റ് ഇടംനേടിയിട്ടുണ്ടെന്നുള്ളതും എടുത്തുപറയേണ്ട വസ്തുതയാണ് .

രക്ഷാകർത്താക്കളുടെ പ്രത്യേക നിരീക്ഷണവും മറ്റ് ആധുനിക സുരക്ഷാമാനദണ്ഡങ്ങളുടെ ഉപയോഗവും കൊണ്ട് രക്ഷിക്കുന്നത് വളർന്നുവരുന്ന തലമുറയുടെ സദാചാരബോധത്തെയും സംസ്കാരത്തെയും പൈതൃകത്തെയും കുടുംബബന്ധങ്ങളെയുമാണ്.